# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1328.

06-03-2020 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായുള്ള പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായി സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതികളും നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500/- രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിനു ഹെക്ടറിനു 10,000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000/- രൂപയും, കരനെൽ കൃഷിക്ക് 13,600/- രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണു ധനസഹായം നൽകുന്നത്.

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1,000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, ആർ കെ വി വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000/- രൂപ ധനസഹായം നൽകുന്നു. ക്രോപ്പിങ് സിസ്റ്റം പ്രദർശന-

| | | |
|---|---|---|
| | | ത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10,000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000/- രൂപയും നൽകുന്നു. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകുന്നു. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3,000/- രൂപയും വിന്നോവറിന് 10,000/- രൂപയുമാണ് സബ്സിഡി നൽകുന്നത്. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000/- രൂപ സബ്സിഡി നൽകുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500/- രൂപയുടെ ധനസഹായം നൽകും. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. |

| വർഷം | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | 1187.75717 |
| 2017-18 | 1357.97043 |
| 2018-19 | 4050.90776 |
| 2019-20 | 2824.78785 |

(2019-20 വർഷത്തെ ബാക്കി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.)

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|
| 2016-17 | തുക ലഭിച്ചില്ല |
| 2017-18 | 41.023 |
| 2018-19 | തുക ലഭിച്ചില്ല |
| 2019-20 | തുക ലഭ്യമായിട്ടില്ല |

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|
| 2016-17 | 1847.67390 |
| 2017-18 | തുക ലഭിച്ചില്ല |
| 2018-19 | തുക ലഭിച്ചില്ല |
| 2019-20 | 1520.563 അനുവദിച്ചത് ചെലവഴിച്ച് വരുന്നു. |

ഉല്പാദന ബോണസ്സ് ഇനത്തിൽ പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| **വർഷം** | **പഞ്ചായത്ത്** | **മുനിസിപ്പാലിറ്റി** |
|---|---|---|
| 2016-17 | 5,80,85,000 രൂപ | 10,64,000 രൂപ |
| 2017-18 | 4,07,66,986 രൂപ | 10,00,000 രൂപ |
| 2018-19 | 3,66,86,617 രൂപ | 1,10,711 രൂപ |
| 2019-20 | 5,12,82,752 രൂപ | 8,86,000 രൂപ |

**സെക്ഷൻ ഓഫീസർ**